## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1962 — 19.06.2012 ൽ മറുപടിയ്ക്ക്

### ഓട്ടോറിക്ഷാ ചാർജ്ജ്

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സർക്കാർ നിശ്ചയിച്ച് നൽകുന്ന ഓട്ടോറിക്ഷാ ചാർജ്ജ് ഗ്രാമപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ നിശ്ചയിക്കുന്ന ഓട്ടോറിക്ഷ ചാർജ്ജ് സംസ്ഥാനത്തുടനീളം ബാധകമാണ്. |
| (ബി) ആണെങ്കിൽ അമിത ചാർജ്ജ് ഈടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം പരാതികൾ ബന്ധപ്പെട്ട ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓ- മാർ അന്വേഷിച്ച് വാഹന ഉടമയ്ക്കും ഡ്രൈവർക്കുമെതിരെ മോട്ടോർ വാഹന നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| (സി) ടാക്സി-ഓട്ടോ യാത്രക്കാർക്ക് ബസ് ടിക്കറ്റ് നൽകുന്നതു പോലെ യാത്രക്കാർ നൽകുന്ന പണത്തിന് തെളിവായി ടിക്കറ്റോ രസീതോ നൽകണമെന്ന് നിയമ വ്യവസ്ഥയുണ്ടോ; | (സി) | ഇല്ല. |
| (ഡി) ഇല്ലെങ്കിൽ നിയമവ്യവസ്ഥ കൊണ്ടു വരുന്നതിനും അവ പാലിക്കപ്പെടുന്നത് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ